LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെ സഹകരണത്തോടെ ചന്ദനമര സംരക്ഷണത്തിന് സംവിധാനം

130 [2559] ശ്രീ. തോമസ് ചാഴികാടൻ :
,, കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ സഹകരണത്തോടെ ചന്ദനമര സംരക്ഷണത്തിന് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ചന്ദന്മര സംരക്ഷണത്തിന് ഒരു പുതിയ ഡിവിഷൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്നാണ് കരുതുന്നത്;

(ഡി) ഇതു സംബന്ധിച്ച് വനപാലകർക്ക് കൂടുതൽ അധികാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. ചന്ദനക്കാടുകൾക്ക് ചുറ്റും അധിവസിക്കുന്ന ജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വനസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തി വനസംരക്ഷണത്തിൽ പങ്കാളികളാക്കി മാറ്റാനുള്ള നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. വിശദാംശങ്ങൾ തയ്യാറാക്കിവരികയാണ്.

സാധാരണ ടിക്കറ്റ് എടുത്തവർക്ക് ഉയർന്ന ക്ലാസ്സുകളിൽ വേക്കൻസി ഉണ്ടെങ്കിൽ യാത്ര ചെയ്യാൻ നടപടി

131 [2560] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ട്രെയിനിൽ സാധാരണ ടിക്കറ്റ് എടുത്ത യാത്രക്കാർക്ക് ഉയർന്ന ക്ലാസ്സുകളിൽ ഒഴിവ് ഉണ്ടെങ്കിൽ യാത്ര ചെയ്യാൻ അനുവദിച്ചിരുന്ന രീതി പുനഃസ്ഥാപിക്കാൻ റെയിൽവേ ബോർഡിനോട് ആവശ്യപ്പെടുമോ?

ഉത്തരം

പ്രാവർത്തികമെന്നു കണ്ടാൽ ആവശ്യപ്പെടാവുന്നതാണ്.